# നിറക്കൂട്ട്...

**ശ്രീ ദുർഗാ വിലാസം ഹയർ സെക്കന്ററി സ്കൂൾ**



*നിറക്കൂട്ട്...*

## Table of Contents


നിറക്കൂട്ട്......1
- മുഖമൊഴി......4
- പച്ചത്തത്ത......5
- ദേശീയ സോഫ്റ്റ് ബേയ്സ്ബോൾ ചാമ്പ്യൻഷിപ്പ്......6
- वर्षा रानी......7
- വർണ്ണ ശാല......8
- പൃഥ്വി......11
- ആന......13
- താമരപ്പൊയ്ക......14
- सूखा पेड......15
- മൗനം......16
- നാണം......17
- ചങ്ങാതി......18
- വീട്......19
- CHUMS......20
- പാട്ട് "0"വട്ടം......21
- കൊച്ചു വിമാനം......22
- അമ്മുവും ഉള്ളിയും......23
- 'മധുരനെല്ലിക്ക'......33
- സമൂഹത്തെ സംസ്കൃതിയോട് ചേർക്കുന്നത് വിദ്യാലയങ്ങൾ: അലി അക്ബർ......34
- രോഹിത്ത് കേരളത്തെ നയിക്കും......35
- ടിങ്കർ ഫെസ്റ്റ് 2019......36
- ദുരിതബാധിതർക്ക് ഒരു കൈത്താങ്ങ്......40
- നാഷണൽ യോഗ ഒളിമ്പ്യാഡിൽ ശിവഗംഗക്ക് മൂന്നാം സ്ഥാനം......41
- യോഗാദിനം ആചരിച്ചു......42
- സഹപാഠിക്ക് വീട്, ഒരു സ്നേഹക്കൂട്......43

# നിറക്കൂട്ട്...

വിജയികൾക്ക് രക്ഷാകർതൃസമിതിയുടെ അനുമോദനം..........45
ഗാഡിജി..........46
കുറുക്കനും കഴുതയും..........47
നാം ചെയ്യേണ്ടത്..........48
അ-അമ്മ..........49

# മുഖമൊഴി

പ്രിയ വിദ്യാർത്ഥികളെ ,

ചിന്തിക്കാനും ചിന്തിപ്പിക്കാനും വായിക്കാനും വായിപ്പിക്കാനും

നമുക്ക് ഒരു മാഗസിൻ കൂടി .....

കൊച്ചു കൂട്ടുകാരുടെ സാഹിത്യത്തിലൂടെയുള്ള ഒരു കൊച്ചു യാത്ര

നിങ്ങൾ ഇരുകൈകളും നീട്ടി സ്വീകരിക്കുമല്ലോ.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കൂട്ടായ്മയിലൂടെ

ഈ സർഗ സൃഷ്ടികൾ സഹൃദയം സമർപ്പിക്കട്ടെ

# പച്ചത്തത്ത



പച്ചത്തത്തേ സുന്ദരിത്തത്തേ
നിന്നെക്കാണാൻ എന്തഴക്
നിന്റെ പേര് ചൊല്ലാമോ?
എന്നോടൊത്തു കളിക്കാമോ?
എന്നോടൊത്തു കളിച്ചാൽ ഞാൻ
പാലും പഴവും തന്നേക്കാം
പച്ചത്തത്തേ സുന്ദരിത്തത്തേ
എന്നോടൊത്തു കളിക്കില്ലേ
പച്ചത്തത്തേ സുന്ദരിത്തത്തേ
നിന്നെക്കാണാൻ എന്തഴക്!

നയന പി എസ്

നിറക്കൂട്ട്...

# ദേശീയ സോഫ്റ്റ്ബേയ്സ്ബോൾ ചാമ്പ്യൻഷിപ്പ്



18 കുട്ടികൾ പങ്കെടുത്ത ദേശീയ സോഫ്റ്റ് ബേയ്സ്ബോൾ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം നേടിയ കേരള ടീമിലെ 15 കുട്ടികളും
ശ്രീ ദുർഗയുടെ മക്കളാണ്.



# वर्षा रानी



वर्षा रानी बर्षा रानी कहाँ गया**?**

तू कहाँ गया**?**

प्यास बुझाने पानी ढूँढे।

आये है हम आये है ।


जंगल जंगल ढूँढे तुझसे

तालाब**,** नदी में ढूँढ लिया

पहाड **,**सागर कहीं नहीं तू

कहाँ गया रे कहाँ गया **???**

# വർണ്ണ ശാല



ANUSREE (8C)

ASWINE UP(8C)



## നിറക്കൂട്ട്...




ASWINE UP (8C)




ASWINE UP (8C)

**നിറക്കൂട്ട്...**

ANAND N S (9E)








നിറക്കൂട്ട്...

# പൃഥ്വി

ഭൂമിക്ക് പൃഥ്വി എന്ന പേര് ലഭിച്ചതിനെപ്പറ്റി പുരാണത്തിൽ ഒരു കഥയുണ്ട്.പണ്ട് സൂര്യവംശത്തിൽ വേനൻ എന്നൊരു രാജാവുണ്ടായിരുന്നു. വേനന്റെ ദുർഭരണം മൂലം പ്രജകളെല്ലാം പൊറുതിമുട്ടി. രാജാവിന്റെ അധർമ പ്രവൃത്തികൾ ഭൂമി ദേവിയെ കോപാകുലയാക്കി. ഭൂമിദേവി എന്തു ചെയ്തെന്നോ? അധർമിയായ രാജാവിന് താനിനി ഒന്നും കൊടുക്കുകയില്ല എന്നു തീരുമാനിച്ചു.തന്റെ സമ്പത്തെല്ലാം ഉള്ളിലൊതുക്കിക്കൊണ്ട് ഭൂമി ഒരു പശുവിന്റെ രൂപത്തിൽ പാതാളത്തിലൊളിച്ചു.



***നിറക്കൂട്ട്...***

വേനന്റെ മരണത്തിനു ശേഷം പുത്രനായ പൃഥു രാജാവായി. രാജ്യത്ത് സമ്പത്തും ഐശ്വര്യവുമൊന്നുമില്ലാത്തതിന്റെ കാരണം ഭൂമിദേവിയുടെ കോപമാണെന്ന് പൃഥു മനസ്സിലാക്കി. അദ്ദേഹം പാതാളത്തിലെത്തി ദേവിയെ പ്രീതിപ്പെടുത്തി തിരികെ കൊണ്ടുവന്നു. ഭൂമിയുടെ ഐശ്വര്യവും സമ്പത്തും അതോടെ വീണ്ടു കിട്ടുകയും ചെയ്തു.അതോടെ ഭൂമി പൃഥു വിന്റെ പുത്രിയായി അറിയപ്പെടാൻ തുടങ്ങി. പൃഥു വിന്റെ പുത്രി എന്ന അർഥത്തിൽ ഭൂമിദേവിക്ക് 'പൃഥ്വി' എന്ന പേര് ലഭിക്കുകയും ചെയ്തു.

ഐശ്വര്യ പി.വി.

നിറക്കൂട്ട്...

# ആന

കൊമ്പുണ്ട് മരമല്ല മാനമല്ല
ളുണ്ടുണ്ട് വീടല്ല പാലമല്ല
മുറമുണ്ട് പാക്കനാരല്ല
ചൂലുണ്ടടി തെളി മറുതയല്ല
കണ്ണുണ്ട് കണ്ണാനമുണ്ണിയല്ല
പൊണ്ണത്തടിയാനെന്റെ പേര് ആന



നയന പി എസ്

LITTLE KITES

# താമരപ്പൊയ്ക



താമരപ്പൊയ്കയെന്നുള്ളിലുണ്ട്
കോമളപുഷ താലങ്ങളുണ്ട്
അല്ലണിച്ചേറങ്ങടിയിലുണ്ട്
നല്ല സൽപുഞ്ചിരി ചുണ്ടിലുണ്ട്
പുലരി ചാലിക്കുന്ന പായലുണ്ട്
ബാലാർക്ക ളുലികാ ചിത്രമുണ്ട്
അന്നക്കിളികൾ തൻ തോണിയുണ്ട്
പൊന്നോളച്ചാർത്തിൻ ചാഞ്ചാട്ടമുണ്ട്
നീലക്കാർ വണ്ടിൻ ശ്രുതികളുണ്ട്
പൊന്തി വരുന്ന കുളിർമയുണ്ട്
പൂൽ കന്ന ചന്ദനത്തെന്നലുണ്ട്
ളുകുന്ന സന്ധ്യാ സിന്ദൂരമുണ്ട്
പൂന്തിങ്കൾ നോക്കും കണ്ണാടിയുണ്ട്
പൂന്തേൻ മധുരക്കിനാക്കളുണ്ട്

**മൃദുല സി.എം.**

# सूखा पेड



रूखे सूखे पेड पौधे
सूखे पडे खेत
पानी के लिए लंबी कतार
गंदगी से भरा नदी
सूख गयी है गाँव की नदियाँ।
बरसात में भी वर्षा नहीं।
सूख गया है मेरा गाँव।
सूख रहा है मेरा मन।

നിറക്കൂട്ട്...

# മൗനം

കണ്ടില്ല കണ്ടില്ല
കണ്ണടച്ചേക്കുക
കേട്ടില്ല കേട്ടില്ല
കാതടച്ചേക്കുക



ES

# നാണം



നാണമില്ലാതെയായ്
മാനമില്ലാതെയായ്
തുണിയൊന്നുമില്ലാതെ
വെറുതെ നടക്കലായ്

# ചങ്ങാതി




എന്തെന്റ് ചങ്ങാതി

എന്നോട് മുണ്ടാത്തെ

ചുണ്ടു വിടർത്താത്തേ

പല്ലൊന്ന് കാട്ടാത്തേ

**ദുർഗ യു. എം**

# വീട്

പെണ്ണൊന്നില്ലാത്ത
വീടെന്തു വീട്
കുഞ്ഞാച്ച വയ്യാത്ത
വീടെന്തു വീട്

ശ്രീഹരി പി.വി.



# *CHUMS*



He sits and begs
He gives a paw
He is, as you can see
The finest dog you ever saw
And he belongs to me

He follows me everywhere I go
And even when I swim
I laugh because he thinks, you know
That I belongs to him

But still no matter what we do
We never have a fuss
And so I guess it must be true
That we belongs to us.

Sajith Saimon

# പാട്ട് "0" വട്ടം

മാനത്ത് വട്ടം "0"വട്ടം
അമ്പിളി വട്ടം വട്ടത്തിൽ
മുറ്റത്ത് വട്ടം "0"വട്ടം
പൂക്കള വട്ടം വട്ടത്തിൽ
സദ്യയിൽ വട്ടം "0"വട്ടം
പപ്പട വട്ടം വട്ടത്തിൽ

# കൊച്ചു വിമാനം

പക്ഷി കണക്കെ പാറുന്നുണ്ടേ
ആഹാ! കൊച്ചു വിമാനം .
വെള്ളിച്ചിറകു വിരുത്തിപ്പായും
ആഹാ കൊച്ചു വിമാനം
കൊച്ചിയിലേക്കോ പോകുന്നെങ്കി




ഞാനും കൂടെ പോരട്ടെ
പക്ഷി കണക്കെ പറന്നകന്നേ
ആഹാ! കൊച്ചു വിമാനം
പൊട്ടുകണക്കെ മറഞ്ഞേ വാനിൽ
അയ്യോ ! കൊച്ചു വിമാനം
അയ്യോ ! കൊച്ചു വിമാനം

# അമൃതും ഉള്ളിയും

അമൃതിനു വേണ്ടി ഒരിക്കൽ ദേവൻമാരും അസുരൻമാരും ചേർന്ന് പാലാഴി കടഞ്ഞു ഒടുവിൽ അമൃത് ലഭിച്ച ച്ചപ്പോൾ അസുരൻ മാർ അമൃതകുംഭവും കൊണ്ട് ഒറ്റയോട്ടം ! ഉടനെ മഹാവിഷ്ണു മോഹിനിവേഷത്തിൽ ചെന്ന് അമൃതു തിരിച്ചെടുത്തു . എന്നിട്ട് ദേവൻമാർക്കു അമൃതു വിളമ്പാൻ തുടങ്ങി അപ്പോഴാണ് ദേവന്റെ വേഷം ധരിച്ച ഒരസുരൻ കൂട്ടത്തിലിരിക്കുന്നത് മഹാവിഷ്ണു കണ്ടത്. രാഹു എന്ന ആ അസുരൻ അമൃത് കുടിക്കാൻ ഒരുമ്പെടുകയാണ്. അടുത്ത നിമിഷം മഹാവിഷ്ണു ചക്രായുധമുപയോഗിച്ച് രാഹുവിന്റെ കഴുത്തറുത്തു അപ്പോൾ രാഹുവിന്റെ മുറിഞ്ഞ കഴുത്തിൽ നിന്നും അമൃതിന്റേയും, രക്തത്തിന്റേയും തുള്ളികൾ താഴേക്ക് വീണു. ഈ രക്ത തുള്ളികളാണത്രേ ചുവന്ന തുള്ളി പോലുള്ള ഉള്ളിയായി മാറിയത്, അമൃതിന്റെ തുള്ളികൾ വെളുത്തുള്ളിയും .നമ്മുടെ നാട്ടിൽ പലരും ഭക്ഷണത്തിൽ ഉള്ളി ഉൾപ്പെടുത്തിയിട്ട് അധിക കാലമായില്ല. ഉള്ളി കഴിക്കുന്നത് പാപമാണെന്നൊരു വിശ്വാസം പണ്ടുണ്ടായിരുന്നു. ഒരു പക്ഷേ ഈ കഥയായിരിക്കും അതിനു കാരണം.

*നിറക്കൂട്ട്...*

# 'മധുരനെല്ലിക്ക'



പേരാമംഗലം ശ്രീദുർഗാവിലാസം സ്കൂളിൽ ദേശീയ ബാലികാ ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. 'മധുരനെല്ലിക്ക' എന്ന വാരാഘോഷ പരിപാടികളെക്കുറിച്ച് ജില്ലാ പ്രൊട്ടക്ഷൻ ഓഫീസർ എസ്.ശാലിനി വിശദീകരിച്ചു. "കുട്ടികളും സൈബർ ലോകവും " എന്ന വിഷയത്തെക്കുറിച്ച് സൈബർ ക്രൈം വിഭാഗം സീനിയർ പോലീസ് ഓഫീസർ സി.സുജിത്ത് ക്ലാസ്സെടുത്തു.ഹെഡ്മാസ്റ്റർ പി.ആർ. ബാബു അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി എച്ച്.എം രാജു എം.എസ് സ്വാഗതവും റെസ്ക്യൂ ഓഫീസർ അഖിൽ പി.വി. നന്ദിയും പറഞ്ഞു.തൃശ്ശൂർ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ ആഭിമുഖ്യത്തിലാണ് പരിപാടികൾ സംഘടിപ്പിക്കപ്പെട്ടത്.

*നിറക്കൂട്ട്...*

# സമൂഹത്തെ സംസ്കൃതിയോട് ചേർക്കുന്നത് വിദ്യാലയങ്ങൾ: അലി അക്ബർ

വളരുന്ന സമൂഹത്തെ സംസ്കൃതിയോട് ചേർത്തുനിർത്തുകയാണ് വിദ്യാലയങ്ങളുടെ മുഖ്യ ധർമമെന്ന് പ്രമുഖ സിനിമാ സംവിധായകൻ അലി അക്ബർ. എന്റെ മതം, എന്റെ ഭാഷ എന്നീ വിഭാഗീയ ചിന്താഗതികൾക്കപ്പുറത്ത് 'എന്റെ ഭാരതം' എന്ന ചിന്ത കുട്ടികളിൽ വളരണം. സംസ്കാര സമ്പന്നമായ നമ്മുടെ പൈതൃകം അവർക്ക് പകർന്നു നൽകണം. പേരാമംഗലം ശ്രീദുർഗാ വിലാസം സ്കൂളുകളുടെ വാർഷികാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അലി അക്ബർ. പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സി.വി. കുര്യാക്കോസ് വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ എം.വി. ബാബു അധ്യക്ഷത വഹിച്ചു. രാഷ്ട്രീയ സ്വയംസേവക സംഘം സംഭാഗ് കാര്യവാഹ് സി..കെ. രാധാകൃഷ്ണൻ മുഖ്യ സന്ദേശം നൽകി. ജില്ലാ വിദ്യാഭ്യാസ ഓഫീസർ വിരമിക്കുന്ന അധ്യാപകരുടെ ഫോട്ടോ അനാച്ഛാദനം ചെയ്തു.

കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.ജെ.ആന്റോ എൻഡോവ്മെന്റ് വിതരണോദ്ഘാടനം നിർവ്വഹിച്ചു. പി.ടി.എ പ്രസിഡന്റുമാരായ കെ.വി.ഷാജു, മാതൃസംഗമം പ്രസിഡൻറുമാരായ ശോഭനാ നന്ദകുമാർ, മേരി കെ.എം., റിട്ട. അധ്യാപകൻ എം.എം. വാസുദേവൻ നമ്പൂതിരി, പൂർവ്വ വിദ്യാർത്ഥി വർഗീസ് തരകൻ എന്നിവർ ആശംസകൾ അർപ്പിച്ചു.വിരമിക്കുന്ന അധ്യാപകരായ സി.സദാനന്ദൻ, കെ.എസ്. ജയചന്ദ്രൻ എന്നിവർ മറുപടി പ്രസംഗം നടത്തി.പ്രിൻസിപ്പാൾ കെ. സമിത റിപ്പോർട്ട് അവതരിപ്പിച്ചു. എൽ.പി. ഹെഡ്മാസ്റ്റർ കെ.കൃഷണൻകുട്ടി സ്വാഗതവും ഹൈസ്കൂൾ പ്രധാനാധ്യാപകൻ പി.ആർ.ബാബു നന്ദിയും പറഞ്ഞു.പൂർവ്വ വിദ്യാർത്ഥികൾ, റിട്ട. അധ്യാപകർ, നാട്ടുകാർ എന്നിവർ ചടങ്ങിനെത്തിയിരുന്നു.തുടർന്ന് വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന കലാപരിപാടികൾ നടന്നു.



LITTLE KITES

നിറക്കൂട്...

# രോഹിത്ത് കേരളത്തെ നയിക്കും



പേരാമംഗലം ശ്രീദുർഗാ വിലാസം സ്കൂളിലെ +1 വിദ്യാർത്ഥി രോഹിത്ത് കേരള വോളിബോൾ ടീമിനെ നയിക്കും. അണ്ടർ 17 വിഭാഗം കുട്ടികളുടെ ടീം ക്യാപ്റ്റനായാണ് രോഹിത്തിനെ തിരഞ്ഞെടുത്തത്. മത്സരം ഈ മാസം 9 മുതൽ ജമ്മു കാശ്മീരിൽ വെച്ച് നടക്കും. വടകര വെച്ച് നടന്ന പരിശീലന ക്യാമ്പിനു ശേഷം ടീമംഗങ്ങൾ കാശ്മീരിലേക്കു യാത്ര തിരിച്ചു. ഇതിനു മുമ്പ് കേരള സബ് ജൂനിയർ ടീമിൽ രോഹിത്ത് അംഗമായിരുന്നു.

നിറക്കൂട്ട്...

## ടിങ്കർ ഫെസ്റ്റ് 2019




പേരാമംഗലം: ശ്രീദുർഗാ വിലാസം സ്കൂളിലെ അടൽ ടിങ്കറിങ് ലാബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ടിങ്കർ ഫെസ്റ്റ് 2019' വടക്കാഞ്ചേരി എം.എൽ.എ. ശ്രീ.അനിൽ അക്കര ഉദ്ഘാടനം ചെയ്തു. ഇതിനോപ്പം നടക്കുന്ന അഗ്രി ഫെസ്റ്റ് കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സി.ജെ. ആന്റോയും ഫുഡ് ഫെസ്റ്റ് തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സുലോചന ടീച്ചറും ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സി.വി.കുര്യാക്കോസ് അധ്യക്ഷത വഹിച്ചു.

വാർഡ് മെമ്പർ സി.പി. ജോയ്, പി.ടി.എ. അധ്യക്ഷൻ കെ.വി.ഷാജു, സ്കൂൾ മാനേജർ എം. വി. ബാബു, എൽ.പി. ഹെഡ്മാസ്റ്റർ കെ.കൃഷ്ണൻകുട്ടി, മാതൃസംഗമം അധ്യക്ഷ ശോഭനാ നന്ദകുമാർ, സ്കൂൾ ലീഡർ എമി ഷാജു എന്നിവർ ആശംസകൾ അർപ്പിച്ചു. എൽ.പി. മാതൃസംഗമം അധ്യക്ഷ

*നിറക്കൂട്ട്...*

**കെ.എം.മേരി, പി.ടി.എ വൈസ് പ്രസിഡന്റ് ആന്റണി കൊളമ്പ്രത്ത്, ഡെപ്യൂട്ടി എച്ച്.എം. എം.എസ്. രാജു എന്നിവർ സന്നിഹിതരായിരുന്നു. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ പി.ആർ.ബാബു ടിങ്കർ ഫെസ്റ്റിനെക്കുറിച്ച് വിശദീകരിച്ചു. അടൽ ടിങ്കറിങ് ലാബ് ഇൻ ചാർജ് എം.രേണുക പരിപാടികൾക്ക് നേതൃത്വം നൽകി. പ്രിൻസിപ്പൽ കെ. സ്മിത സ്വാഗതവും ജോ. കൺവീനർ സി.എസ്. ബൈജു നന്ദിയും പറഞ്ഞു.**

**ടിങ്കർ ഫെസ്റ്റിനോടനുബന്ധിച്ച് ജൈവ വൈവിധ്യ ഉദ്യാനം, അഗ്രി ഫെസ്റ്റ്, ഫുഡ് ഫെസ്റ്റ്, സ്പോട്സ് പവലിയൻ, ഷാജു ചാമ്പിളിക്കുന്നിന്റെ ചിത്ര പ്രദർശനം, പ്രവൃത്തി പരിചയ ഉൽപ്പന്ന പ്രദർശനം, ഗാന്ധിദർശൻ സ്റ്റാൾ, ബഹിരാകാശ കാഴ്ച, വിവിധ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി വർക്കിങ് മോഡൽ, സ്റ്റിൽ മോഡൽ, ഇംഗ്ലീഷ് പ്രഭാഷണം, ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര ക്വിസ് എന്നീ മത്സരങ്ങളും നടന്നു. രാവിലെ 10 മണിക്കാരംഭിച്ച പ്രദർശനം കാണാൻ സമീപ വിദ്യാലയങ്ങളിലെ നൂറുകണക്കിന് വിദ്യാർത്ഥികളും എത്തിയിരുന്നു. ടിങ്കർ ഫെസ്റ്റ് വൈകീട്ട് 5 മണിക്ക് സമാപിച്ചു.**ദേശീയ കായിക ദിനം ആചരിച്ചു

പേരാമംഗലം: ഇന്ത്യൻ കായിക രംഗത്തെ ഇതിഹാസമായിരുന്ന ഹോക്കി താരം സ്വർഗീയ ധ്യാൻചന്ദിന്റെ ജന്മദിനമായ ആഗസ്റ്റ് 29 ന് പേരാമംഗലം ശ്രീ ദുർഗാവിലാസം ഹയർ സെക്കണ്ടറി സ്കൂളിൽ ദേശീയ കായിക ദിനാചരണം സമുചിതമായി നടന്നു. രാവിലെ കായികതാരങ്ങളായ വിദ്യാർത്ഥികൾ കൂട്ടയോട്ടം നടത്തി. വോളിബോൾ, ക്രിക്കറ്റ്, ഹാൻഡ് ബോൾ, അത് ലറ്റിക്സ് താരങ്ങൾ കൂട്ടയോട്ടത്തിൽ പങ്കെടുത്തു. സ്കൂൾ അസംബ്ലിയിൽ കുമാരി സ്വാതി മേജർ ധ്യാൻചന്ദ് അനുസ്മരണം നടത്തി. പ്രിൻസിപ്പാൾ കെ. സ്മിത, ഹെഡ്മാസ്റ്റർമാരായ പി.ആർ.ബാബു, കെ.കൃഷ്ണൻകുട്ടി എന്നിവർ സംബന്ധിച്ചു. ഡെപ്യൂട്ടി എച്ച്.എം. രാജു എം.എസ്, കായികാധ്യാപകരായ അനൂപ് കൃഷ്ണണൻ, വിഷ്ണു എന്നിവർ നേതൃത്വം നൽകി.

## നിറക്കൂട്ട്...




ദേശീയ കായിക ദിനത്തോടനുബന്ധിച്ച് പേരാമംഗലം ശ്രീദുർഗാവിലാസം ഹയർ സെക്കണ്ടറി സ്കൂളിലെ കായിക താരങ്ങൾ അണിനിരന്ന കൂട്ടയോട്ടം....

നിറക്കൂട്...

# ദുരിതബാധിതർക്ക് ഒരു കൈത്താങ്ങ്

പേരാമംഗലം ശ്രീദുർഗാവിലാസം ഹയർ സെക്കണ്ടറി സ്കൂളിലെ SPC, NCC യൂണിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ പ്രളയബാധിതർക്ക് വിതരണം ചെയ്യാനായി. അവശ്യ സാധനങ്ങൾ വിദ്യാർത്ഥികളിൽ നിന്നും അധ്യാപക-അനധ്യാപകരിൽ നിന്നും ശേഖരിച്ചു. കേടു വരാത്ത ഭക്ഷണ സാമഗ്രികൾ, കുടിവെള്ളം, വസ്ത്രങ്ങൾ, സോപ്പ്, മറ്റു ശുചീകരണ ഉൽപ്പന്നങ്ങൾ, ബ്രഷ്, പേസ്റ്റ്, സാനിറ്ററി ഉൽപ്പന്നങ്ങൾ, നോട്ടുപുസ്തകങ്ങൾ എന്നിങ്ങനെ വിവിധ വസ്തുക്കളാണ് ശേഖരിച്ചത്. സ്കൂളിൽ വെച്ച് നടന്ന ചടങ്ങിൽ SPC, NCC അധികാരികൾക്ക് സാധനങ്ങൾ കൈമാറി. പ്രധാനാധ്യാപകൻ പി.ആർ.ബാബു, NCC ഓഫീസർ എം.എസ്. രാജു, SPC ഓഫീസർമാരായ കെ.എ. ഉണ്ണികൃഷ്ണൻ, ടി.എം.ഉഷാദേവി എന്നിവർ നേതൃത്വം നൽകി. സ്കൂൾ മാനേജർ എം.വി. ബാബു, പ്രിൻസിപ്പാൾ കെ. സ്മിത എന്നിവർ സംബന്ധിച്ചു. ഉൽപന്നങ്ങൾക്കു പുറമേ ദുരിതമനുഭവിക്കുന്നവർക്കുള്ള ധനസമാഹരണവും വിദ്യാലയത്തിൽ പുരോഗമിക്കുന്നു.




ശ്രീദുർഗാവിലാസം ഹയർ സെക്കണ്ടറി സ്കൂളിലെ SPC, NCC കേഡറ്റുകൾ പ്രളയബാധിതർക്കായി ശേഖരിച്ച അവശ്യ സാധനങ്ങൾ...

നിറക്കൂട്ട്...

# നാഷണൽ യോഗ ഒളിമ്പ്യാഡിൽ ശിവഗംഗക്ക് മൂന്നാം സ്ഥാനം

കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ NCERT അന്താരാഷ്ട്ര യോഗാദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച നാഷണൽ യോഗ ഒളിമ്പ്യാഡിൽ പേരാമംഗലം ശ്രീദുർഗാവിലാസം ഹൈസ്കൂളിലെ ആറാം ക്ലാസ്സ് വിദ്യാർത്ഥി ശിവഗംഗ ടി.കെ.ക്ക് ദേശീയ തലത്തിൽ മൂന്നാം സ്ഥാനം. വർഷങ്ങളായി യോഗ അഭ്യസിക്കുന്ന ശിവഗംഗക്ക് സംസ്ഥാന - ദേശീയ തലങ്ങളിൽ മുൻപും സമ്മാനങ്ങൾ നേടിയിട്ടുണ്ട്. പേരാമംഗലം തടത്തിൽ കിഷോർ - അനു ദമ്പതികളുടെ മകളാണ് ശിവഗംഗ.







നിറക്കൂട്ട്...

# യോഗാദിനം ആചരിച്ചു

പേരാമംഗലം: പേരാമംഗലം ശ്രീദുർഗാ വിലാസം സ്കൂളിൽ അന്താരാഷ്ട്ര യോഗാ ദിനം വിപുലമായി ആചരിച്ചു. അധ്യാപകനായ കെ.സി.വിനയരാജ് വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി. മുഴുവൻ വിദ്യാർത്ഥികളും യോഗാസനത്തിൽ പങ്കാളികളായി. തെരഞ്ഞെടുത്ത കുട്ടികളുടെ യോഗാ പ്രദർശനം നടന്നു. അധ്യാപിക സപീന പവിത്രൻ നേതൃത്വം നൽകി. ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ എം.എസ് രാജു, പി.ശ്രീദേവി, പി.എ.സ്മിത സ്കൂൾ ലീഡർ എമി ഷാജു എന്നിവർ സംബന്ധിച്ചു. ലോകസംഗീത ദിനാചരണവും ഇതിനോടൊപ്പം സംഘടിപ്പിച്ചിരുന്നു.





## നിറക്കൂട്...

### സഹപാഠിക്ക് വീട്, ഒരു സ്നേഹക്കൂട്....



'വിദ്യാഭ്യാസം സമൂഹ നന്മക്ക്' എന്ന മഹനീയ കാഴ്ചപ്പാടിന്റെ ആവിഷ്കാരമായി പ്രളയത്തിൽ, തോരാമഴയിൽ വീട് നഷ്ടപ്പെട്ട സഹപാഠിക്ക് ഒരു സ്നേഹക്കൂടൊരുക്കുകയാണ് ശ്രീദുർഗാവിലാസം സ്കൂൾ. പ്ലസ്ടു കോമേഴ്സിൽ പഠിക്കുന്ന ആദിത്യക്കാണ് ആത്മവിശ്വാസത്തോടെ സുരക്ഷിതമായി കഴിയാൻ സഹപാഠികളും അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും ചേർന്ന് വീടൊരുക്കുന്നത്. ആദിത്യയുടെ അച്ഛൻ വർഷങ്ങൾക്കു മുമ്പേ അസുഖ ബാധിതനായി മരണമടഞ്ഞു. അമ്മ ശർമ്മിള ഈ വിദ്യാലയത്തിലെ പാചക തൊഴിലാളിയാണ്. പല രോഗങ്ങളാൽ ചികിത്സക്ക് പോലും

## നിറക്കൂട്...

പണമില്ലാതെ അവർ ബുദ്ധിമുട്ടുന്നു. ഈ സാഹചര്യത്തിൽ അവരെ സഹായിക്കാൻ ശ്രീദുർഗാകുടുംബം മുന്നിട്ടിറങ്ങുകയാണ്.
ആദിത്യയുടെ വീടിന്റെ ശിലാസ്ഥാപനം പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സി.വി.കുര്യാക്കോസ് നിർവ്വഹിച്ചു. തുടർന്ന് വടക്കാഞ്ചേരി എം.എൽ.എ. ശ്രീ.അനിൽ അക്കര കട്ടിളവെപ്പ് കർമ്മവും നടത്തി. നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. സഹജരോടുള്ള സഹാനുഭൂതിയും സമൂഹത്തോടുള്ള പ്രതിബദ്ധതയും വ്യക്തിത്വത്തിന്റെ ഭാഗമാകുമ്പോഴാണ് സംസ്കാര സമ്പന്നമായ സ്വഭാവം രൂപപ്പെടുന്നത്. അതു തന്നെയാണ് വിദ്യാഭ്യാസത്തിലൂടെ വരും തലമുറ നേടേണ്ട വൈശിഷ്ട്യവും. ത്യാഗബുദ്ധിയിലൂടെ, സമർപ്പണ - സേവന സന്നദ്ധതയിലൂടെ സ്വാർത്ഥതയുടെ ഉച്ചാടനം  സാധ്യമാകും. ഇത്തരം ശ്രേഷ്ഠ ഗുണങ്ങൾ ഇളം തലമുറയിലേക്ക് സന്നിവേശിപ്പിക്കുമ്പോൾ ഭാവി പ്രതീക്ഷാനിർഭരമാകും. സമൂഹത്തിന്റെ ദുരിതം തന്റേതു കൂടിയാണെന്ന തിരിച്ചറിവിലേക്ക് കുട്ടികളെ നയിക്കാൻ കൂടിയാണ് ഇത്തരം സംരംഭങ്ങൾ.



പൂർവ്വികർ നമുക്ക് പകർന്ന് നൽകിയ മഹത്തായ സംസ്കാരം ഉൾക്കൊണ്ട് നമുക്കൊരുമിച്ച് പ്രവർത്തിച്ച് അമ്മയും മകളുമടങ്ങുന്ന ഈ കുടുംബത്തെ രക്ഷിക്കാം.

നിറക്കൂട്ട്...

# വിജയികൾക്ക് രക്ഷാകർതൃസമിതിയുടെ അനുമോദനം

പേരാമംഗലം ശ്രീദുർഗാവിലാസം ഹയർ സെക്കണ്ടറി സ്കൂളിൽ രക്ഷാകർതൃസമിതിയുടെ ആഭിമുഖ്യത്തിൽ വിജയോത്സവം സംഘടിപ്പിച്ചു. കഴിഞ്ഞ പത്താം ക്ലാസ്, +2 പരീക്ഷകളിൽ മികവു നേടിയവരേയും പഠനപാഠ്യേതര രംഗങ്ങളിൽ കഴിവുതെളിയിച്ചവരേയും പ്രത്യേകം അനുമോദിച്ചു. പി.ടി.എ വാർഷിക പൊതുയോഗത്തിന്റെ ഭാഗമായി നടന്ന വിജയോത്സവത്തിൽ എ.പി.മധു CMA മുഖ്യാതിഥിയായിരുന്നു. സ്കൂൾ മാനേജർ എം.വി. ബാബു യോഗം ഉദ്ഘാടനം ചെയ്തു. പി. ടി. എ. പ്രസിഡന്റ് കെ.വി. ഷാജു അധ്യക്ഷത വഹിച്ചു.



നിറക്കൂട്ട്...

# ഗാന്ധിജി

ഗാന്ധിജിയെന്നാലാരമ്മേ ?
ഗാന്ധിജി രാഷ്ട്രപിതാവല്ലോ
അടിമത്തത്തിന്നെതിരായി -
ട്ടായുധമില്ലാതടരാടി
ഭാരതനാടിൻ സ്വാതന്ത്ര്യം
നേടിയതാരെന്നറിയില്ലേ?
ഗാന്ധിജിയാണതു പൊന്മകനെ
ശാന്തി നമ്മുക്ക പകർന്ന മഹാൻ

Navya Ramachandran

# കുറുക്കനും കഴുതയും

ഒരു കുറുക്കനും കഴുതയും ഭക്ഷണം തേടി കാട്ടിലൂടെ നടക്കുകയായിരുന്നു. ഇരുവരും വലിയ ചങ്ങാതിമാരാണ്.കുറച്ചു ദൂരം ചെന്നപ്പോൾ ഒരു സിംഹം മറഞ്ഞിരുന്ന് തങ്ങളെനോക്കുന്നത് കുറുക്കൻ കണ്ടു. ഇനിരക്ഷയില്ല ഓടി രക്ഷപെടാൻ കഴിയില്ല. അവനൊരു ബുദ്ധി തോന്നി സൂത്രത്തിൽ സിംഹത്തിന്റെ അടുത്തുചെന്നു പറഞ്ഞു അങ്ങയ്ക്ക് നല്ല വിശപ്പുണ്ടെന്ന് തോന്നുന്നു. ഞാനെന്റെ സുഹൃത്ത് കഴുതയെ കുരുക്കിലാക്കി തരാം പക്ഷേ എന്നെ ഉപദ്രവിക്കില്ല എന്നു വാക്കു തരണം സിംഹം സമ്മതിച്ചുകുറുക്കനും കഴുതയും  കൂടി മുന്നോട്ടു നടന്നു. ഏറെ കഴിയുന്നതിനു മുമ്പ് കുറുക്കൻ  കഴുതയെ ഒരു കുഴിയിൽ തള്ളിയിട്ടു എന്നിട്ട് തിരിഞ്ഞോടി സിംഹത്തിന്റെ അടുത്തെത്തി "തീരുമേനി, ഞാൻ വാക്കുപാലിച്ചു കഴുത ദാ അവിടെയുള്ള ഒരു കുഴിയിൽ കിടപ്പുണ്ട് എന്നോടൊപ്പം വന്ന് അതിനെ കൊന്നു തിന്നോളൂ. സിംഹം കുറുക്കനോടൊപ്പം കഴുതരക്ഷപെടാനേ പോകുന്നില്ല എപ്പോൾ വേണമെങ്കിലു കൊന്നുതിന്നാം അതുകൊണ്ട് ആദ്യം ശാപ്പിടാം. സിംഹം കുറുക്കന്റെ നേരെ തിരിഞ്ഞു . കുറുക്കൻ ഭയന്നു വിറച്ചു. അവൻ പറഞ്ഞു " തിരുമേനി, അങ്ങ് എനിക്ക് വാക്കു തന്നതാണ് , എന്നെ ഉപദ്രവിക്കരുത് " സിംഹം പറഞ്ഞു: നീ വഞ്ചകനാണ്. സ്വന്തം സുഹൃത്തിനെ
ചതിച്ചവൻ .അങ്ങനെയുള്ള വന് കൊടുത്ത വാക്ക് പാലിക്കേണ്ടതില്ല സിംഹം കുരുക്കന്റെ മേൽ ചാടി വീണു.

Roopa.P. Manoj

# നാം ചെയ്യേണ്ടത്

നേരത്തേ കാലത്തുണരേണം
ദേഹവിശുദ്ധി വരുത്തേണം
നാളയ്ക്കു നാളേയ്ക്കുനീട്ടിവേച്ചിടാതെ
പാഠംങ്ങളേല്ലാം പഠിക്കേണം
മൂത്തവർ ചൊൽവതു കേൾക്കണം,
കൂട്ടുകാരൊത്തു കളിക്കേണം
നന്മയെല്ലാർക്കും വരുത്തീടാൻ
നല്ല കാര്യങ്ങൾ നാം ചെയേണം

Navya Ramachandran

# അ- അമ്മ

അ-അമ്മ

അ, അമ്മ, അമ്മൂമ്മ
അമ്മ പറഞ്ഞത് കേൾക്കേണം

ആ ,ആന, ആറാട്ട്
ആനകളില്ലാത്താറാട്ട് !

ഇ, ഇല്ലം, ഇല്ലായ്മ
ഇല്ലത്തമ്മ കുളിക്കുന്നു!

ഈ ,ഈച്ച, ഈനാശ്ശു,
ഈണം നോക്കി പാടേണം

ഉ, ഉത്രം, ഉത്രാടം
ഉപ്പിലാത്തൊരു കറിയില്ല ;

ഊ, ഊത്ത്, ഊത്തപ്പം
ഊണിനു കൊള്ളാമെരിശ്ശേരി,

## നിറക്കൂട്ട്...

എ, എണ്ണ, എണ്ണൂറ്.....
എള്ളിന്നൊരു തളി ധാരാളം

ഏ, ഏലം, ഏലക്കാ :...
ഏണിയെടുത്താൽത്താഴത്ത്!

ഐ ഐവർ, ഐശ്വര്യം,
ഐരാവതമൊരു വെള്ളാന

ഒ ,ഒന്ന്, ഒത്തൊരുമ്മ
ഒത്തു പിടിച്ചാൽ മലയും പോരും

ഓ, ഓണം, തിരുവോണം
ഓളം നോക്കിത്തോണിവിടാം

ഔ ഔഷധം മൗന്നത്യം ....
അംബരമെന്നാലാകാശം